# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3881

## 31.01.2014-ൽ മറുപടി പറയേണ്ടത്

**കരാറുകാർക്ക് നിരതദ്രവ്യം ഇനത്തിൽ നൽകുവാനുള്ള തുക**

**ചോദ്യം**
**ശ്രീമതി.പി.അയിഷാ പോറ്റി**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണ മേഖലയിലെ അംഗീകൃത കരാറുകാർക്ക് നിരതദ്രവ്യം ഇനത്തിൽ നൽകേണ്ട തുകയുടെ കണക്ക് വെളിപ്പെടുത്താമോ; | 43,96,18,540/- രൂപ |
| (ബി) | പദ്ധതി അടങ്കലിന്റെ എത്ര ശതമാനം തുകയാണ് നിരതദ്രവ്യമായി നിശ്ചയിച്ചിട്ടുള്ളത്; ഇതിന്റെ പരമാവധി എന്ത് തുകയാണ് നിശ്ചയിച്ചിട്ടുള്ളത്; | 50 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾക്ക് പദ്ധതി അടങ്കലിന്റെ 2.5% മോ 50,000/- മോ ഏതാണോ കുറവ്, ടി തുകയാണ് നിരതദ്രവ്യമായി നിശ്ചയിച്ചിരിക്കുന്നത്. 50 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള പ്രവൃത്തികൾക്ക് പദ്ധതി അടങ്കലിന്റെ 2.5%-മാണ് നിരതദ്രവ്യമായി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മത്സ്യബന്ധന തുറമുഖ വകുപ്പിൽ പദ്ധതി അടങ്കലിന്റെ നിരതദ്രവ്യ നിരക്ക് താഴെ പറയും പ്രകാരമാണ്. |

| പദ്ധതി അടങ്കൽ | നിരതദ്രവ്യ നിരക്ക് | പരമാവധി |
|---|---|---|
| 50 ലക്ഷം വരെ | 2.5% | 50,000/- രൂപ വരെ |
| 50 ലക്ഷത്തിനു മുകളിൽ | 2.5% | നിയന്ത്രണമില്ല |

<table>
<tr><td></td><td></td><td>

| | | |
|---|---|---|
| 2 കോടി വരെ | 5% | 2 ലക്ഷം രൂപ |
| 2 കോടിയ്ക്കു മുകളിൽ | 10% | നിയന്ത്രണമില്ല |

</td></tr>
<tr><td>(സി)</td><td>നൂറ് ശതമാനം കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിക്കുന്ന പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിയുടെ ബിൽ തുക കുടിശ്ശിക ആയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?</td><td>100% കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിക്കുന്ന PMGSY പദ്ധതി ഏറ്റെടുക്കുന്ന കരാറുകാർക്ക് നിലവിൽ കുടിശ്ശിക ആയിട്ടില്ല.</td></tr>
</table>

**സെക്ഷൻ ഓഫീസർ**